കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള പരിധി 10 ശതമാനത്തിൽ നിന്നും 15 ശതമാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ(എം.എസ്)നം: 91/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി: 27/5/2009**

---

**പരാമർശം : (1) 1/1/09-ലെ 192/ഡിബി1/09/തസ്വഭവ നമ്പർ സർക്കുലർ**

**(2) 31/1/09-ലെ സ.ഉ(എം.എസ്) 15/09/തസ്വഭവ**

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2008-09-10-11 കാലയളവിൽ നടപ്പാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ സമഗ്ര മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1)-ലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്ന വായ്പ കൂടി വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2009-10 മുതൽ പത്ത് വർഷകാലയളവിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വികസനഫണ്ടിന്റെ 10 ശതമാനം വരെ വായ്പ എടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഇപ്രകാരം വായ്പ എടുക്കുന്ന തുക 2009-10 മുതൽ 10 വർഷ കാലയളവിൽ ലഭിക്കുന്ന വികസന ഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണെന്ന് പരാമർശം (2)ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

2. 2009-10 മുതലുള്ള 10 വർഷ കാലയളവിൽ ലഭിക്കുന്ന വികസനഫണ്ടിന്റെ 10 ശതമാനം വരെ വായ്പ എടുക്കുന്നതിന് ഇപ്പോൾ നൽകിയിട്ടുള്ള അനുമതി പ്രകാരം ലഭിക്കുന്ന തുക കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയില്ലെന്നും പ്രസ്തുത പരിധി 15 ശതമാനമായി വർദ്ധിപ്പിക്കണമെന്നും പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ആവശ്യപ്പെടുകയുണ്ടായി.

3. ഗ്രാമ പ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വായ്പയെടുക്കുന്ന തുക കൂടി വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വായ്പയെടുക്കുന്ന തുക, ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കിയതിനുശേഷം ആവശ്യാധിഷ്ഠിതമായി ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകാവുന്നതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള 2009-10 മുതൽ 10 വർഷ കാലയളവിൽ ലഭിക്കുന്ന വികസന ഫണ്ടിന്റെ 10 ശതമാനം എന്ന പരിധി 15 ശതമാനമായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇ.എം.എസ് ഭവന പദ്ധതിക്കായി ബ്ളോക്ക്/ജില്ല പഞ്ചായത്തുകൾ വായ്പ എടുക്കുന്ന തുക ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കിയശേഷം ആവശ്യാധിഷ്ഠിതമായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഭജിച്ച് നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ് സൻ മാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
9. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
16. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
17. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. എല്ലാകുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
22. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
23. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

25. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, കേരള ബ്ളോക്ക് പഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29. അക്കൗണ്ടന്റ് ജനറൽ(എആന്റ് ഇ)കേരള,തിരുവനന്തപുരം
30. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
31. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ